# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2367 08.03.2017 - ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**നോട്ട് അസാധുവാക്കൽ**

| | |
|---|---|
| നോട്ട് അസാധുവാക്കലുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡ് സംസ്ഥാന സർക്കാരിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും അവ പൂർണ്ണമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വിശദമാക്കാമോ? | നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നല്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ഇവയാണ്:<br>1. കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതരത്തിൽ പദ്ധതിച്ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താൻ ആവശ്യമായ നടപടിക്രമങ്ങൾക്ക് മുൻഗണന നൽകുക.<br>2. കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാന സർക്കാരുകളുടെ പദ്ധതിച്ചെലവിൽ കുറവുവരുന്ന തുകയ്ക്ക് പകരമായി ഫണ്ടുകൾ ആവശ്യപ്പെടുക.<br>3. കമ്പോളത്തിൽ നിന്ന് ലോണുകൾ എടുക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള പരിധി കേന്ദ്ര സർക്കാർ ഉയർത്തി നൽകുക.<br>4. പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ഏജൻസികളും കഴിയുന്നതും സഹകരണ സംഘങ്ങൾ വഴി പണമിടപാടുകൾ നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുക.<br>5. കോർ ബാങ്കിംഗ് സമ്പ്രദായം അടക്കം സ്വീകരിച്ച് സഹകരണ വായ്പാ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുക.<br>6. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ |

| | |
|---|---|
| | പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.<br>7. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുക.<br>8. കേന്ദ്രം ഒരു "നോട്ടുറദ്ദാക്കൽ ആഘാത ദുരിതാശ്വാസ ദേശീയ നിധി" (National Demonetisation Impact Relief Fund) രൂപീകരിക്കുക. ഈ പദ്ധതിയിലൂടെ ലഭിക്കുന്ന പണം നോട്ട് റദ്ദാക്കലിലൂടെ ഏറ്റവും കൂടുതൽ കഷ്ടതകൾ അനുഭവിച്ച ജനവിഭാഗത്തിനു നേരിട്ട് ഉപകാരപ്പെടുന്ന രീതിയിൽ ചെലവഴിക്കുക.<br>പ്രസ്തുത കമ്മറ്റിയുടെ ചില നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ അധികാര പരിധിക്ക് പുറത്തുള്ളതാകയാൽ മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരിന് സാധിക്കുകയില്ല. എന്നിരുന്നാലും സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് കൂടി കണക്കിലെടുത്ത് നോട്ട് നിരോധനത്തെ തുടർന്നുള്ള ആഘാതം ലഘൂകരിക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ